**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**(ഹാജർ: ഡോ: രത്തൻ കേൽക്കർ IAS)**

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2019 വർഷത്തെ പൊതുസ്ഥലംമാറ്റം - അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം 1. സ.ഉ.(പി) നം.3/2017/ഉ.പ.ഭ.വ, തീയതി: 27.02.2017.
2. സ.ഉ.(സാധാ) നം.230/2019/കൃഷി, തീയതി: 05.03.2019
3. സ.ഉ.(സാധാ) നം.355/2019/കൃഷി, തീയതി: 09.04.2019.
4. സ.ഉ.(സാധാ) നം.445/19/കൃഷി, തീയതി: 10.05.2019.
5. ഈ ഓഫീസിലെ 11.03.2019, 28.03.2019, 11.04.2019, 06.05.2019,10.05.2019, 20.05.2019 എന്നീ തീയതികളിലുള്ള എസ്.എ.(2) 2099/19 നമ്പർ സർക്കുലർ.
6. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി: 28.05.2019.
7. ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ.(2) 2099/2019, തീയതി: 13.06.2019.
8. കൃഷി ഡയറക്ടറുടെ സർക്കുലർ നമ്പർ എസ്.എ.(2) 2099/19,തീയതി: 08.08.2019.

**ഉത്തരവ് നം.എസ്.ഇ.(3) 2808/2019, തീയതി: 20.09.2019.**

പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2019 വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (5) സർക്കുലറുകൾ പ്രകാരം 2019 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24.05.2019 വരെ ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (6) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം പ്രസിദ്ധീകരിച്ചിരുന്ന കരട് ലിസ്റ്റിൽ, ജീവനക്കാർ അവരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ പരിഹരിക്കുന്നതിനായി ജീവനക്കാർക്ക് അവരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നതിനായി പരാമർശം (7) സർക്കുലർ പ്രകാരം 17.06.2019 വരെ അതാത് ഡി.ഡി.ഒ -മാർക്ക് സമയം അനുവദിച്ചിരുന്നു. ഇപ്രകാരം

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് പരാമർശം (7) പ്രകാരം കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയവരുടെ കാറ്റഗറി തിരിച്ചുള്ള റാങ്ക് ലിസ്റ്റ് പരാമർശം (8) പ്രകാരം പ്രസിദ്ധീകരിക്കുകയുമുണ്ടായി. ടി റാങ്ക് ലിസ്റ്റ് പരിഗണിച്ച് സ്പാർക്ക് മുഖേന തയ്യാറാക്കിയ പൊതു സ്ഥലംമാറ്റ അന്തിമ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

16.01.2019-ലെ ബഹു.KAT-യുടെ OA NO 1750/18 നമ്പർ ഉത്തരവ് പ്രകാരവും , 9.8.2019-ലെ G.O(Rt) No 770/2019/Agri പ്രകാരവും കൃഷി ഡയറക്ടറുടെ 6.9.2019 -ലെ SE(3) 39797/18 ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ മമ്പാട് കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായ ശ്രീ. പി. ജയപ്രകാശിനെ മലപ്പുറം ജില്ലയിലെ ചാലിയാർ കൃഷി ഭവനിൽ നിയമനം നല്കിയിരിക്കുന്നതിനാൽ ഓൺലൈൻ മുഖേന പ്രോസസ്സ് ചെയ്ത അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ക്രമ നമ്പർ 225- യായി ഉൾപ്പെട്ടിട്ടുള്ള ശ്രീ. പി. ജയപ്രകാശിനെ ഈ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. പൊതുസ്ഥലമാറ്റ ലിസ്റ്റിൽ മമ്പാട് കൃഷി ഭവനിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർ ഇനിയൊരുത്തരവ് നല്കുന്നതുവരെ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫിസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

4.10.2018 --ലെ ബഹു.KAT-യുടെ OA NO 1169/18 നമ്പർ ഉത്തരവ് പ്രകാരവും , 28.02.2019 ലെ G.O(Rt) No 210/2019/Agri പ്രകാരവും കൃഷി ഡയറക്ടറുടെ 04. 9.2019 -ലെ SE(3) 28942/18 ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ പിരായിരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായ ശ്രീമതി. രമ്യയെ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി കൃഷി ഭവനിലേക്ക് സ്ഥലം മാറ്റം നൽകിയതിനാൽ ഓൺലൈൻ മുഖേന പ്രോസസ്സ് ചെയ്ത അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ക്രമ നമ്പർ 438 - യായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. രമ്യയെ ഈ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. പൊതുസ്ഥലമാറ്റ ലിസ്റ്റിൽ പിരായിരി കൃഷി ഭവനിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർ ഇനിയൊരുത്തരവ് നല്കുന്നതുവരെ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫിസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

2.11.2018 --ലെ ബഹു.KAT-യുടെ OA NO 1668/18 നമ്പർ ഉത്തരവ് പ്രകാരം , കൃഷി ഡയറക്ടറുടെ 19.9.2019 -ലെ SE(3) 30253/18 ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ മലമ്പുഴ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റായ ശ്രീമതി. ആർ. രേഖയെ മലമ്പുഴ കൃഷി ഭവനിൽ നിലനിർത്തി ഉത്തരവായിരിക്കുന്നതിനാൽ ഓൺലൈൻ മുഖേന പ്രോസസ്സ് ചെയ്ത അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ക്രമ നമ്പർ 72 - യായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ആർ. രേഖയെ ഈ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. പൊതുസ്ഥലമാറ്റ ലിസ്റ്റിൽ മലമ്പുഴ കൃഷി ഭവനിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർ ഇനിയൊരുത്തരവ് നല്കുന്നതുവരെ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫിസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പത്തനംതിട്ട ജില്ലയിലെ ഏറത്ത് കൃഷി ഭവനിൽ നിയമനം നൽകിയ (Sl No 462) ശ്രീമതി ദീപകുമാരിയെ കോട്ടയം ജില്ലയിലെ കടുത്തുരുത്തി കൃഷി ഭവനിലേക്ക് സ്ഥലം മാറ്റം നൽകിയിരിക്കുന്നു. 3.2.2016-ലെ സ.ഉ.(അച്ചടിച്ചത് ) നമ്പർ 01/2016 സ.നീ.വ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി നിയമനം ലഭിച്ച് സൂപ്പർന്യൂമററി തസ്തികയിൽ തുടരുന്ന ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകുവാൻ പാടില്ല. ആയതിനാൽ ഓൺലൈൻ മുഖേന പ്രോസസ്സ് ചെയ്ത അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ക്രമ നമ്പർ 462 -യായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ദീപകുമാരിയെ ഈ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. പൊതുസ്ഥലമാറ്റ ലിസ്റ്റിൽ പത്തനംതിട്ട ജില്ലയിലെ ഏറത്ത് കൃഷി ഭവനിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർ ഇനിയൊരുത്തരവ് നല്കുന്നതുവരെ പ്രിൻസിപ്പൽ കൃഷി ഓഫിസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മേൽ പരാമർശിച്ചതൊഴികെ ബാക്കിയുള്ള ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ യഥാസമയം വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരവും / ജോലിയിൽ പ്രവേശിച്ച വിവരവും ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

നിയമസഭാ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഇലക്ഷൻ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാർ പൊതുസ്ഥലംമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടി ജീവനക്കാർ പ്രസ്തുത ഡ്യൂട്ടിയും കൂടി നിർവ്വഹിക്കേണ്ടതാണ്.

പ്രിൻസിപ്പൽ കൃഷി ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്ത ജീവനക്കാരുടെ വിവരം / അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർ വിടുതൽ/ ജോലിയിൽ പ്രവേശിച്ച തീയതിയുടെ വിവരം / പൊതുസ്ഥലമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷമുള്ള ജില്ലയിലെ ഒഴിവുകളുടെ വിവരം / വിടുതൽ ചെയ്ത പോകാതെ ജില്ലയിൽ നിലനിൽക്കുന്ന ജീവനക്കാരുടെ വിവരം / അതിന്റെ കാരണം എന്നിവ എത്രയും വേഗം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**( ഒപ്പ്)**
**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

BINDU MOL
Administrative Assistant II
Agriculture Development & Farmers Welfare Department
Vikas Bhavan, Trivandrum

ബന്ധപ്പെട്ട ജീവനക്കാർക്ക്
(പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
**പകർപ്പ്:**
അഡ്വക്കേറ്റ് ജനറൽ , തിരുവനന്തപുരം (ആവശ്യത്തിന് സഹിതം)
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി സെൽ)
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ചീഫ് സോയിൽ കെമിസ്റ്റ്, സെൻട്രൽ സോയിൽ &പ്ലാന്റ് ഹെൽത്ത് സെന്റർ.
സ്റ്റോക്ക് ഫയൽ / അധികം.

2